**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **12.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2406**

## ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | ഗെയിൽ പൈപ്പ്ലൈൻ പദ്ധതി കേരളത്തിൽ രണ്ട് ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടം (48 കി.മി) 2013 ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി - മാംഗ്ലൂർ (444 കി.മി) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മി) 19.06.2019 ന് കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി.മീറ്ററിൽ പ്രധാനമായും 5 നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമേ ബാക്കിയുള്ളൂ. കൂറ്റനാട് - വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ - 93.8 കി.മി) 95% വെൽഡിങ്ങ് പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതി 2020 മാർച്ച് 31-നകം കമ്മീഷൻ ചെയ്യുവാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്. |
| (ബി) | കണ്ണൂർ ജില്ലയിൽ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; | (ബി) | കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈനിന്റെ ആകെ നീളം 82 കി. മീറ്റർ ആണ്. ആകെയുള്ള 82 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞ ഭൂമി പൂർവ്വസ്ഥിതിയിലാക്കി, സുരക്ഷാ / മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്ന ജോലി ഏറെക്കുറെ പൂർത്തിയായി വരികയാണ്. ജില്ലയിൽ ആകെയുള്ള 6 SV/IP സ്റ്റേഷനുകളുടെ കെട്ടിട നിർമാണവും Valve Erection ഉം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ഭൂവുടമകൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | നാളിതുവരേക്കും കേരളത്തിൽ ഭൂമിയിലെ വിളകൾക്കും നാശനഷ്ടങ്ങൾക്കുമായി 254.10 കോടി രൂപയും, ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയുടെ വിലയായി 45.8 കോടി രൂപയും ഭൂവുടമകൾക്ക് നൽകിക്കഴിഞ്ഞു. 10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് 5 ലക്ഷം രൂപ പാക്കേജ് ഇനത്തിൽ ആകെ 6.76 കോടി രൂപയും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**